(ഡി) ധനലഭ്യതയും സ്ഥലസൗകര്യവും ലഭ്യമാക്കുന്ന മുറയ്ക്ക് ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതാണ്. കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എച്ച്.ഡി.എസ്.-ന്റെ കീഴിൽ ഒരു ലബോറട്ടറി പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ എച്ച്. ഡി. സിയുടെ കീഴിൽ ഒരു ലബോറട്ടറി തുടങ്ങുവാൻ നടപടി പൂർത്തിയായി വരുന്നു.

(ഇ) വ്യക്തമായ പരാതി ലഭിച്ചാൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്.

ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡനിൽ നിന്നും കയറ്റുമതി ചെയ്ത ചെടികൾ

20(*609) ശ്രീ. വി. ബാലറാം :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ പങ്കാളിത്തത്തോടെ ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ (റ്റി.ബി.ജി.ആർ.ഐ.) നടപ്പാക്കിയിട്ടുള്ള പദ്ധതികളനുസരിച്ച് എത്ര ഇനം ചെടികൾ കയറ്റി അയച്ചിട്ടുണ്ട്. അവയിൽ എത്ര തദ്ദേശീയ സസ്യങ്ങൾ ഉണ്ട് ;

(ബി) വിദേശ പങ്കാളിത്തത്തോടെ നടന്ന പദ്ധതിയുടെ നടത്തിപ്പിൽ എന്തെങ്കിലും ദുരൂഹത ഉള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) വീണ്ടും അത്തരത്തിലുള്ള ഒരു പദ്ധതി തുടങ്ങുവാൻ പരിപാടിയുണ്ടോ ; എങ്കിൽ അതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ;

(ഡി) റ്റി.ബി.ജി.ആർ.ഐ.-യ്ക്ക് ഇത്തരത്തിലുള്ള പദ്ധതി നടപ്പാക്കുവാനുള്ള അധികാരം ഉണ്ടോ ; എന്ന് വിശദീകരിക്കുമോ ;

(ഇ) തദ്ദേശീയ സസ്യങ്ങൾ വിദേശത്തേയ്ക്ക് കയറ്റി അയച്ചതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി വാങ്ങിയിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ കാരണമെന്തെന്ന് വിശദീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) വിദേശ പങ്കാളിത്തത്തോടെ റ്റി.ബി.ജി.ആർ.ഐ. നടപ്പാക്കിയിട്ടുള്ള പദ്ധതികളനുസരിച്ച് ചെടികളൊന്നും കയറ്റി അയച്ചിട്ടില്ല.

(ബി) പദ്ധതികളുടെ നടത്തിപ്പിൽ ദുരൂഹത ഉള്ളതായി പരാതി ലഭിച്ചിട്ടില്ല.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ശാസ്ത്രഗവേഷണ പ്രവർത്തനങ്ങൾ സ്വന്തമായും മറ്റുള്ളവരുമായി സഹകരിച്ചും, സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടേയും ഗവേണിംഗ് ബോഡിയുടേയും അംഗീകാരത്തോടുകൂടിയും നടത്തുവാനുള്ള അധികാരം റ്റി. ബി. ജി. ആർ. ഐ.-ക്കുണ്ട്.

(ഇ & എഫ്) ചോദ്യം ഉദിക്കുന്നില്ല.

ടൂറിസം മേഖലയിൽ നിന്നും സർക്കാരിന് ഉണ്ടാക്കാൻ കഴിഞ്ഞ നേട്ടങ്ങൾ

21 (*610) ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. പി. കെ. കുമാരൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എളമരം കരീം :
ശ്രീ. എൻ. ആർ. ബാലൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം മേഖലയിൽ നിന്നും 1999-2000 വർഷം സംസ്ഥാന സർക്കാരിന് ഉണ്ടാക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ടൂറിസം മേഖലയിൽ 1999-2000 വർഷം സംസ്ഥാന സർക്കാരിന് എന്തു തുക വരുമാനമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട് ;

(സി) ഈ മേഖലയിൽ നിന്നും എന്ത് തുകയാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) 1999-2000 വർഷത്തിൽ എത്ര ടൂറിസ്റ്റുകൾ നമ്മുടെ സംസ്ഥാനത്ത് സന്ദർശനം നടത്തിയിട്ടുണ്ട് അറിവുണ്ടോ ;

(ഇ) വിദേശ ടൂറിസ്റ്റുകളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(എഫ്) ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ജി) ടൂറിസം മേഖലയിൽ നിന്നും കൂടുതൽ വരുമാനം ഉണ്ടാക്കാൻ സംസ്ഥാന സർക്കാർ എന്തെല്ലാം പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഭക്ഷ്യ വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) 1999-2000 വർഷം ടൂറിസം മേഖലയിൽ സംസ്ഥാന സർക്കാരിന് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) 1999-2000 വർഷം സംസ്ഥാനത്തിന് ഏകദേശം 600 കോടി രൂപ വരുമാനമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് താൽക്കാലികമായി കണക്കാക്കപ്പെടുന്നു.

† അനുബന്ധം - III

LIBRARY ARCHIVES Kerala Legislative Assembly